# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 423

## (08.08.2017 ലെ മറുപടിക്ക്)

## <u>പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം</u>

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | 27.01.2011 ൽ ഭരണാനുമതി ലഭിച്ചതും ഇൻകെൽ ഉപേക്ഷിച്ചതുമായ പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം കിഫ്ബി നിക്ഷേപം ഉപയോഗിച്ച് വീണ്ടും ഇൻകെൽ വഴി നിർവഹിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഇൻകെൽ മുഖേന കിഫ്ബി ധനസഹായം ഉപയോഗിച്ച് പഴയങ്ങാടി സബ്ട്രഷറി കെട്ടിടം ഉൾപ്പെടെ പത്ത് ട്രഷറികൾ നിർമ്മിക്കുന്നതിന് 22.03.2017-ലെ G.O. (Rt) No. 2363/17/Fin പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നൽകുകയും ഇൻകെൽ തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയ്ക്ക് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ KIIF (Amendment) Act, 2016 പ്രകാരം മൊത്തം എസ്റ്റിമേറ്റ് തുക 100 കോടി രൂപയിൽ താഴെയായതിനാൽ പ്രസ്തുത ശുപാർശ 'കിഫ്ബി' അംഗീകരിച്ചില്ല. തുടർന്ന് '2054-00-095-96-(PV) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എമ്മും സെൻട്രൽ സെർവർ സമ്പ്രദായം നടപ്പിലാക്കലും' എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം ഇൻകെൽ മുഖേന നടത്തുന്നതിന് 16/07/2017-ലെ G.O.(Rt) No. 5721/2017/Fin ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**